146

നമ്പർ.സി2/15805 /റ്റി സി/2011

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്
കേരള തിരുവനന്തപുരം
തീയതി 12.08 .2011.

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്.

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ്:- റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ

കേരള റോഡ് സേഫ്റ്റി അതോറിറ്റിയിൽ നിന്നും വളരെ വലിയ തുക റോഡ് സേഫ്റ്റി പ്രോഗ്രാമുകൾ നടപ്പിലാക്കുന്നതിന് കേരള മോട്ടോർ വാഹന വകുപ്പിന് ലഭിച്ചിട്ടുണ്ട്. ഇതിനു വേണ്ട leaflets,pamphlets പുസ്തകങ്ങൾ, മറ്റു പ്രോഗ്രാമുകൾ എന്നിവ വളരെ നന്നായി പ്ലാൻ ചെയ്ത് നടപ്പിലാക്കുന്നതിനായി റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെയും സോണൽ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരെയും ഏൽപ്പിക്കുന്നുമുണ്ട്. ഈ മാസം മുതൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെയും ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെയും റോഡ് സേഫ്റ്റി വിഭാഗത്തിലുള്ള പ്രവർത്തനം വിലയിരുത്തുന്നതിന് ഓരോ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെയും പരിധിയിൽ കഴിഞ്ഞ മൂന്നു വർഷങ്ങളിലുണ്ടായ അപകടങ്ങളുടെ നിരക്കും ഈ വർഷത്തെ അപകടങ്ങളുടെ നിരക്കും പരിഗണിക്കുന്നതായിരിക്കും. കഴിഞ്ഞ മൂന്നു വർഷങ്ങളിൽ നടന്ന അപകടങ്ങളുടെ നിരക്കിൽ 20% കുറവു വരുന്ന റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്ക് Very Good എന്നും 10% കുറവു വരുന്ന റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്ക് Good എന്നും അവരുടെ Confidential റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നതാണ്. കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ അപകടമോ മരണ സംഖ്യയോ കൂടുന്ന റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്ക് അതനുസരിച്ച് മോശമായ Confidential റിപ്പോർട്ടും അതുകൂടാതെ അച്ചടക്ക നടപടികളും ഉണ്ടാകുന്നതാണ്. അപകടങ്ങൾ കുറയ്ക്കുന്നതിനായി

എല്ലാ റോഡ് ഉപയോക്താക്കളുടെയും അവബോധം വളർത്തുന്നതിനായി തയ്യാറാക്കുന്ന പരിപാടികൾ ആത്മാർത്ഥതയോടെ നടപ്പിലാക്കുകയാണ് അപകടങ്ങളിൽ നിന്നുള്ള മരണ നിരക്ക് കുറയ്ക്കുന്നതിനുള്ള പ്രഥമ മാർഗ്ഗം. ഗതാഗത സുരക്ഷയുടെ കാര്യത്തിൽ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരും, അസ്സിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരും സ്വീകരിക്കുന്ന നടപടികൾ പ്രത്യേകം നിരീക്ഷിക്കുന്നതാണ്. leaflets,pamphlets തുടങ്ങിയുള്ള ഗതാഗത സുരക്ഷാ രേഖകൾ കൃത്യസമയങ്ങളിൽ എടുക്കാതിരിക്കുക, വളരെ നല്ല രീതിയിൽ പൊതു ജനത്തിന് അവബോധം ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾ നടത്താതിരിക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്യുന്ന ഉദ്യോഗസ്ഥരെ കണ്ടു പിടിക്കുന്നതിന് പൊതുജന സഹായത്തോടെ തന്നെ നടപടികൾ എടുക്കുന്നതാണ്. ഈ കത്തിന്റെ കോപ്പി കിട്ടിയെന്ന് എല്ലാ സോണൽ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും ഒപ്പിട്ട് അയക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

പകർപ്പ്:-

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ &സെക്രട്ടറി,എസ്.റ്റി.എ., സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (ടാക്സേഷൻ), സീനിയർ എ.ഒ, എസ്സ്.എസ്സ്.(എ), എസ്സ്.എസ്സ് (ജി).

സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലെ എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

അംഗീകാരത്തോടെ

16.10.14

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (ടാക്സേഷൻ)

16/10/14